**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 173** **03-03-2025 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ സമിതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ആദ്യമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഭരണ സമിതികൾ ഒരേ ദിവസം ഒരേ സമയം യോഗം ചേർന്ന് നാട് അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട വിഷയങ്ങളിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഭരണ സമിതികളുമായി 09/12/2024 തീയതിയിൽ വൈകുന്നേരം 3.30 ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേരുകയും സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട വിഷയങ്ങളായ അതിദാരിദ്ര്യ നിർമ്മാർജ്ജനം, ശുചിത്വം, പാലിയേറ്റീവ് കെയർ എന്നിവയുമായി ബന്ധപ്പെട്ട് തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.<br><br>I.**<u>അതിദാരിദ്ര്യ നിർമ്മാർജ്ജനം</u>**:<br><br>അവകാശങ്ങൾക്ക് വേണ്ടി ശബ്ദം ഉയർത്താൻ പോലും ശേഷിയില്ലാതെ, പൊതു സമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടാതെ അതിതീവ്ര ദാരിദ്ര്യം അനുഭവിക്കുന്നവരെ കണ്ടെത്തി അഞ്ചു വർഷം കൊണ്ട് അവരുടെ അതിദാരിദ്ര്യം ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ 2021-ൽ ആരംഭിച്ചതാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി. സംസ്ഥാനത്ത് ഇത്തരത്തിലുള്ള 64006 കുടുംബങ്ങളിലായി 103099 വ്യക്തികളെ 1032 തദ്ദേശസ്ഥാപനങ്ങളിലായി കണ്ടെത്തിയിട്ടുണ്ട്. ഭക്ഷണം, ആരോഗ്യം, വരുമാനം, വാസസ്ഥലം എന്നീ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് ടി കുടുംബങ്ങളെ കണ്ടെത്തിയിട്ടുള്ളത്. അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി കണ്ടെത്തിയ കുടുംബങ്ങളിൽ 30658 കുടുംബങ്ങളെ (47.89%) അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കിയതായി 2023 നവംബർ1-ന് ബഹു. മുഖ്യമന്ത്രി പ്രഖ്യാപിച്ചു. പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ ഒരു കുടുംബത്തിന് അത്യന്താപേക്ഷിതമായ ഭക്ഷണവും ചികിത്സയും ഉറപ്പ് വരുത്തുന്നതിനാണ് |

പ്രഥമ പരിഗണന നൽകിയത്. അതിദരിദ്ര പട്ടികയിൽ ഭക്ഷണം ആവശ്യമുണ്ടെന്ന് കണ്ടെത്തിയതിൽ സ്വന്തമായി ഭക്ഷണം പാകം ചെയ്ത് കഴിക്കാൻ കഴിയുന്ന 20792 കുടുംബങ്ങൾക്ക് ഭക്ഷ്യവസ്തുക്കൾ അടങ്ങിയ കിറ്റുകളും അതിന് കഴിയാത്ത 2212 കുടുംബങ്ങൾക്ക് ജനകീയ ഹോട്ടലുകൾ, സാമൂഹ്യ അടുക്കളകൾ എന്നിവ വഴി പാകം ചെയ്ത ഭക്ഷണവും എത്തിയ്ക്കുവാൻ കഴിഞ്ഞു. പ്രസ്തുത കുടുംബങ്ങൾക്ക് ഇപ്പോഴും തടസ്സമില്ലാതെ ഭക്ഷണം ലഭിയ്ക്കുന്നു എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഉറപ്പ് വരുത്തുന്നുണ്ട്.

• ആരോഗ്യ പ്രശ്നങ്ങളാൽ ബുദ്ധിമുട്ടുകൾ നേരിട്ട 29912 ഗുണഭോക്താക്കൾക്ക് മരുന്നുകൾ ഉൾപ്പെടെയുള്ള ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും പാലിയേറ്റീവ് ചികിത്സ ആവശ്യമുള്ള 5130 ഗുണഭോക്താക്കൾക്ക് അത് നൽകുന്നതിനും ആരോഗ്യ സുരക്ഷയുമായി ബന്ധപ്പെട്ട സാമഗ്രികൾ ആവശ്യമുള്ള 394 ഗുണഭോക്താക്കൾക്ക് ആരോഗ്യ ഉപകരണങ്ങൾ നൽകുവാനും അവയവ മാറ്റിവയ്ക്കൽ ചികിത്സയ്ക്ക് 7 ഗുണഭോക്താക്കൾക്ക് വേണ്ട സഹായം നൽകുവാനും കഴിഞ്ഞിട്ടുണ്ട്.

•അടിസ്ഥാന രേഖകൾ പോലുമില്ലാതെ ബുദ്ധിമുട്ടിയിരുന്ന അതിദരിദ്രർക്ക് 'അവകാശം അതിവേഗം' യജ്ഞത്തിന്റെ ഭാഗമായി റേഷൻ കാർഡ്, ആധാർ കാർഡ്, ഇലക്ഷൻ തിരിച്ചറിയൽ കാർഡ് പോലെയുള്ള അവകാശ രേഖകളും ആരോഗ്യ ഇൻഷ്വറൻസ്, സാമൂഹ്യ സുരക്ഷ പെൻഷൻ മുതലായ അടിയന്തര രേഖകളും നൽകുവാൻ സാധിച്ചിട്ടുണ്ട്.

• വരുമാനം ഇല്ലാതെ കഷ്ടത അനുഭവിക്കുന്ന കുടുംബങ്ങൾക്ക് വരുമാനദായക പ്രവർത്തനങ്ങൾക്ക് വേണ്ട ആനുകൂല്യങ്ങൾ നൽകുവാൻ കഴിഞ്ഞു. വരുമാനദായക പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കുന്നതിനായി കുടുംബശ്രീ സംസ്ഥാന മിഷന്റെ നേതൃത്വത്തിൽ 'ഉജ്ജീവനം' എന്ന പേരിൽ ആരംഭിച്ച സമഗ്ര പദ്ധതി വഴി 2645 കുടുംബങ്ങൾക്കും തദ്ദേശ സ്ഥാപനങ്ങൾ മുഖേന 292 കുടുംബങ്ങൾക്കും മറ്റ് വകുപ്പുകൾ മുഖേന 209 കുടുംബങ്ങൾക്കും സ്വകാര്യ വ്യക്തികൾ/സ്ഥാപനങ്ങൾ മുഖേന 234 കുടുംബങ്ങൾക്കും വരുമാനദായക പ്രവർത്തനങ്ങൾക്ക് വേണ്ട ആനുകൂല്യങ്ങൾ നൽകി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി എല്ലാവർക്കും തൊഴിൽ കാർഡ് നൽകി 100 ദിന തൊഴിൽ ഉറപ്പാക്കുന്നതിനും, ജീവനോപാധികൾ നിർമ്മിച്ച് നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ, ക്ഷീരവികസന വകുപ്പ്, കൃഷിവകുപ്പ്, എന്നിവ മുഖാന്തിരം വരുമാനം ഉറപ്പാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

• അടച്ചുറപ്പുള്ള വാസസ്ഥലം ഇല്ലാതെ ബുദ്ധിമുട്ടുന്ന അതിദരിദ്ര കുടുംബങ്ങളിൽ വീട് മാത്രം ആവശ്യമുള്ള കുടുംബങ്ങളും വസ്തുവും വീടും ആവശ്യമുള്ള കുടുംബങ്ങളും നേരത്തെ തന്നെ ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിരുന്നു. നേരത്തെ തന്നെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടാത്ത വീട് മാത്രം ആവശ്യമുള്ള കുടുംബങ്ങളെയും വസ്തുവും വീടും ആവശ്യമുള്ള കുടുംബങ്ങളെയും ഉൾപ്പെടുത്തി അവർക്ക് ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. വീട് മാത്രം ആവശ്യമുള്ള കുടുംബങ്ങളിൽ 2642 കുടുംബങ്ങളുടെ വീട് നിർമ്മാണം പൂർത്തിയായിട്ടുണ്ട്. വസ്തുവും വീടും ആവശ്യമുള്ള കുടുംബങ്ങളിൽ 530 കുടുംബങ്ങളുടെ വീട് നിർമ്മാണം പൂർത്തിയായി. ഭവന പുനരുദ്ധാരണം ആവശ്യമുള്ള കുടുംബങ്ങൾക്ക് ആനുകൂല്യം നൽകുകയും 3566 വീടുകളുടെ പുനരുദ്ധാരണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. വീട് മാത്രം/വസ്തുവും വീടും ആവശ്യമുള്ള കുടുംബങ്ങൾക്ക് ആയത് ലഭിയ്ക്കുന്നതുവരെ ആവശ്യമെങ്കിൽ വാടക വീടുകളിൽ താമസിപ്പിയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 381 കുടുംബങ്ങളെ വാടക വീടുകളിൽ മാറ്റി പാർപ്പിച്ചിട്ടുണ്ട്.

• ഏകാംഗ കുടുംബങ്ങളിൽ വാസസ്ഥലം ആവശ്യമുള്ളവർക്ക് സാമൂഹ്യനീതി വകുപ്പ്, വനിത-ശിശു വികസന വകുപ്പ് എന്നിവയുടെ സഹകരണത്തോടെ ഷെൽറ്റർ ഹോമുകളിലേക്ക് മാറ്റുന്നതിന് സാധിച്ചിട്ടുണ്ട്.

• ലൈഫ് ഭൂരഹിത ഭവനരഹിത പട്ടികയിലും അതിദരിദ്ര പട്ടികയിലും ഉൾപ്പെട്ട അതിദരിദ്ര വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഭൂമിയും വീടും ലഭ്യമാക്കുന്നതിനായി 2025 ജനുവരി മാസത്തിൽ കൂടുതൽ ഭൂമി കൈവശമുള്ള ഭൂവുടമകളെ പ്രത്യേക ക്ഷണിതാക്കൾ ആക്കിക്കൊണ്ട് 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്. 'മനസ്സോടിത്തിരി മണ്ണ്' പദ്ധതിയുടെ രണ്ടാം ഘട്ടം എല്ലാ ജില്ലകളിലും തദ്ദേശ സ്ഥാപനങ്ങളിലും നടന്നു വരുന്നു. തദ്ദേശ സ്ഥാപന പരിധിയിൽ ഒഴിഞ്ഞ് കിടക്കുന്ന റവന്യൂ ഭൂമിയും, മറ്റ് വകുപ്പുകളുടെ അധീനതയിലുള്ളതുമായ ഭൂമിയും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ കണ്ടെത്തി അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ട ഭൂമിയും, വീടും ആവശ്യമുള്ളവർക്ക് അനുവദിച്ച് നൽകുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. വലിയ പാർസലുകളായി

കിടക്കുന്ന ഭൂമികൾ തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കണ്ടെത്തി അതിദരിദ്രർക്ക് നൽകുക, വ്യക്തിഗത ഗുണഭോക്താക്കൾ നേരിട്ട് ഭൂമി വാങ്ങുക എന്നീ സാധ്യതകളും പരിശോധിച്ച് വരുന്നു. സർക്കാരിന്റെയും തദ്ദേശ സ്ഥാപനങ്ങളുടെയും യോജിച്ച പ്രവർത്തനം വഴി ഇത് വരെ 1455.5686 സെന്റ് ഭൂമി 151 തദ്ദേശ സ്ഥാപനങ്ങളിലായി കണ്ടെത്തിയിട്ടുണ്ട്.

• പൊതുവിദ്യാഭ്യാസ വകുപ്പ് മുഖാന്തിരം അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് പഠനോപകരണങ്ങൾ, കുട, ബാഗ് എന്നിവയും 14 വയസ്സ് മുതൽ 16 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് പഠനോപകരണങ്ങൾ, ഉച്ചഭക്ഷണം, പഠനത്തിന് ആവശ്യമായ സൗകര്യങ്ങൾ, കായിക വികസനം എന്നിവ ലക്ഷ്യം വച്ചുള്ള പ്രോജക്ടുകളും നടപ്പിലാക്കി വരുന്നുണ്ട്.

• കെ.എസ്.ആർ.ടി.സി-യുടെയും ഗതാഗത വകുപ്പിന്റെയും സഹകരണത്തോടെ 1767 കുട്ടികളുടെ പഠനാവശ്യങ്ങൾക്കുള്ള യാത്ര കെ.എസ്.ആർ.ടി.സി./ സ്വകാര്യ ബസ്സുകളിൽ സൗജന്യമാക്കി കൊണ്ടുള്ള യാത്ര പാസ്സുകൾ നൽകിയിട്ടുണ്ട്.

• അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ട തീരദേശവാസികൾക്ക് മരുന്ന്, ആഹാരം മുതലായവയും വാസസ്ഥലം ആവശ്യമുള്ളവർക്ക് ഫിഷറീസ് വകുപ്പിന്റെ 'പുനർഗേഹം' പദ്ധതിയിലുൾപ്പെടുത്തി വാസസ്ഥലവും ഉറപ്പാക്കുന്നുണ്ട്.

• സോഷ്യൽ സെക്യൂരിറ്റി മിഷന്റെ 'സ്നേഹപൂർവ്വം' പദ്ധതിയിലുൾപ്പെടുത്തി അതിദരിദ്ര പട്ടികയിലുൾപ്പെട്ട മാതാപിതാക്കൾ, മാതാവോ/പിതാവോ നഷ്ടപ്പെട്ട വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ്/സ്റ്റൈപ്പന്റ് വിതരണം ചെയ്യുന്നുണ്ട്.

• അതിദരിദ്ര പട്ടികയിലുൾപ്പെട്ടവരുടെ വീട് വയറിംഗ്, വൈദ്യുതി കണക്ഷൻ മുതലായ സേവനങ്ങൾ കെ.എസ്.ഇ.ബി വഴി നടത്തുന്നുണ്ട്.

• അതിദരിദ്ര പട്ടികയിലുൾപ്പെട്ടവർക്ക് ശുദ്ധമായ കുടിവെള്ള വിതരണത്തിനുള്ള കണക്ഷനുകൾ കേരളാ വാട്ടർ അതോറിറ്റി മുഖാന്തിരം ലഭ്യമാക്കുന്നുണ്ട്.

2025 നവംബർ 1-ന് മുമ്പ് സംസ്ഥാനം അതിദാരിദ്ര്യത്തിൽ നിന്ന് പൂർണ്ണമായും മുക്തമാക്കുന്നതിനായി ലക്ഷ്യം മുൻനിർത്തി യുദ്ധകാലാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.

## II. ശുചിത്വം :

നമ്മുടെ നാടിനെ മാലിന്യ മുക്തമാക്കുന്നതിനുള്ള "മാലിന്യ മുക്തം നവകേരളം" ലക്ഷ്യമാക്കികൊണ്ട് 2024 ഒക്ടോബർ 2 ഗാന്ധി ജയന്തി ദിനം മുതൽ 2025 മാർച്ച് 30, അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനം വരെയുള്ള കാലയളവിൽ മാലിന്യ മുക്ത നവകേരളത്തിനായി ക്യാമ്പയിൻ സംഘടിപ്പിക്കാൻ തീരുമാനിച്ചു. നമ്മുടെ നാടിനെ പൂർണ്ണമായി മാലിന്യ മുക്തമാക്കി വൃത്തിയാക്കുക, ശുചിത്വം പാലിക്കുക ഇതാണ് ക്യാമ്പയിൻ കൊണ്ട് ഉദ്ദേശിക്കുന്നത്. ആയതിലേയ്ക്കായി ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, രാഷ്ട്രീയ പ്രവർത്തകർ, യുവജന സംഘടനാ പ്രവർത്തകർ എന്നിവരടങ്ങിയ നിർവ്വഹണ സമിതികൾ സംസ്ഥാന ജില്ലാ, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തു തലങ്ങളിൽ രൂപീകരിച്ചിട്ടുണ്ട്.

2025 മാർച്ച 30 ന് സമ്പൂർണ്ണ ശുചിത്വ കേരളം പ്രഖ്യാപനം നടത്തുന്നതിനാവശ്യമായ രീതിയിൽ ശുചീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഓഫീസുകൾ, ടൂറിസം കേന്ദ്രങ്ങൾ, ടൗണുകൾ, മാർക്കറ്റുകൾ, പൊതുസ്ഥലങ്ങൾ, സ്കൂളുകൾ, കലാലയങ്ങൾ അയൽക്കൂട്ടങ്ങൾ, തുടങ്ങിയവ ഹരിതമാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയക്രമം പാലിച്ച പ്രവർത്തനം നടന്ന് വരുന്നു. ഇതുവരെ പ്രവർത്തനങ്ങൾ അവലോകനം നടത്തി കുറവുകൾ കണ്ടെത്തി പരിഹരിച്ച് വരുന്നു.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ പൂർണ്ണമായും പദ്ധതികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.

2023ൽ 47% ആയിരുന്ന അജൈവ പാഴ് വസ്തുക്കളുടെ വാതില്പടി ശേഖരണത്തിന്റെ അളവ് 2025ഓടെ 89%-ലേക്ക് ഉയർന്നു. 35% ഉണ്ടായിരുന്ന യൂസർഫീ കളക്ഷൻ 72% ആയി വർദ്ധിച്ചു. 376 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 11 ലക്ഷംപേർ ഹരിതമിത്രം ആപ്ലിക്കേഷൻ വഴിയുള്ള സേവനം ഉപയോഗിച്ചിരുന്നത് 1019 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 76ലക്ഷം പേരിലേയ്ക്ക് എത്തിക്കാൻ കഴിഞ്ഞു. 7446 മിനി എം.സി.എഫ് എന്ന താത്കാലിക അജൈവ പാഴ് വസ്തു സംഭരണ കേന്ദ്രങ്ങൾ 21,013 ആയി വർദ്ധിപ്പിച്ചു. വലിയ സംഭരണ സംവിധാനമായ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളുടെ (എം.സി.എഫ്) എണ്ണം 1160-ൽ നിന്നും 1325-ലേക്കും റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ (ആർ.ആർ.എഫ്) 87-ൽ നിന്നും 190-ലേക്ക് വർദ്ധിച്ചതും മാലിന്യ പരിപാലന

പ്രവർത്തനങ്ങളുടെ വേഗവും ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിന് സഹായകരമായ ഘടകങ്ങളാണ്.

2023ൽ 33,378 ഉണ്ടായിരുന്ന ഹരിതകർമ്മ സേന അംഗങ്ങളുടെ എണ്ണം 37,363 ആയി ഉയർന്നു. 2022-23 സാമ്പത്തിക വർഷം 30,217ടൺ അജൈവ മാലിന്യം കൈകാര്യം ചെയ്ത സ്ഥാനത്ത് ക്ലീൻ കേരള കമ്പനി ഈ സാമ്പത്തിക വർഷം അവസാനിക്കാൻ 2മാസം ശേഷിക്കേ 45,197 ടൺ അജൈവ മാലിന്യമാണ് കൈകാര്യം ചെയ്തത്. 87300 Sq. Ft ആയിരുന്ന ക്ലീൻ കേരള കമ്പനിയുടെ ശേഖരണ സംവിധാനങ്ങളുടെ ശേഷി 231799 Sq.Ft ആയി വർദ്ധിച്ചു. മാലിന്യ സംസ്കരണ രംഗത്തെ സ്വകാര്യ ഏജൻസികളുടെ പങ്കാളിത്തവും ഈ കാലയളവിൽ വർദ്ധിച്ചു. വിവിധ സേവനങ്ങൾ നൽകുന്ന ശുചിത്വ മിഷൻ അംഗീകാരം നേടിയ ഏജൻസികളുടെ എണ്ണം 74ൽ നിന്നും 188 ആയി വർധിച്ചു. സ്വകാര്യ ഏജൻസികളുടെ നേതൃത്വത്തിൽ അജൈവ പാഴ് വസ്തു പരിപാലനത്തിനുള്ള അടിസ്ഥാനസൗകര്യങ്ങളും വിപുലപ്പെട്ടുകഴിഞ്ഞു. 53 ഏജൻസികളുടെ 83 ഗോഡൗണുകൾക്ക് 612128 ചതു. അടി സംഭരണശേഷിയുണ്ട്. ഇതിന് 306 ടൺ അജൈവ പാഴ് വസ്തു പ്രതിദിനം തരം തിരിക്കാനുള്ള സൗകര്യവും ഉണ്ട്. 35 റെൻഡറിംഗ് പ്ലാന്റുകൾ ചിക്കൻ വേസ്റ്റ് സംസ്കരിക്കുന്നതിനും മുടി മാലിന്യ സംസ്കരണത്തിന് ഒരു പ്ലാന്റും സ്വകാര്യ സംരംഭകരുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ കൂടുതൽ സ്വകാര്യ ഏജൻസികൾ സംസ്കരണ സംവിധാനങ്ങൾ സജ്ജമാക്കുന്നതിന് മുന്നോട്ടു വരുന്നുണ്ട്.

ജൈമാലിന്യ സംസ്കരണത്തിലും വലിയ നേട്ടങ്ങൾ ഉണ്ടാക്കിയെടുക്കാൻ ഈ കാലയളവിൽ സാധിച്ചു. 271 പൊതു ബയോ ഗ്യാസ് പ്ലാന്റുകളിൽ 142.26 ടൺ ജൈവമാലിന്യം പ്രതിദിനം സംസ്കരിക്കപ്പെടുന്നു. 1303 പൊതു കമ്പോസ്റ്റിംഗ് സംവിധാനങ്ങളിലായി 149.36 ടൺ മാലിന്യവും പ്രതിദിനം കൈകാര്യം ചെയ്യുന്നു. 100ടൺ ജൈവ മാലിന്യം പ്രതിദിനം 2 ബ്ലാക്ക് സോൾജിയർ ഫ്ലൈ യൂണിറ്റുകൾ സംസ്കരിക്കുന്നുണ്ട്. 1591563 ഗാർഹിക തല ജൈവ മാലിന്യ സംസ്കരണ സംവിധാനത്തിൽ 4016.39 ടൺ മാലിന്യം 42290 സ്ഥാപനതല ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളാൽ 143.70 ടൺ മാലിന്യവും 1288182 കമ്പോസ്റ്റിംഗ് പിറ്റുകളിൽ 1293.38ടൺ ജൈവ മാലിന്യവും 34 വലിയ കമ്പോസ്റ്റിംഗ്

സംവിധാനങ്ങളിലൂടെ 306.66 ടൺ ജൈവ മാലിന്യവും പ്രതിദിനം കൈകാര്യം ചെയ്യപ്പെടുന്നു.

സംസ്ഥാനത്ത് 59 സ്ഥലങ്ങളിലായി ആരംഭിച്ച ബയോ മൈനിങ് പ്രവർത്തനങ്ങളിൽ 345793.15 ടൺ മാലിന്യം സംസ്കരിക്കപ്പെട്ടു. 24 സ്ഥലങ്ങളിലെ പ്രവർത്തനങ്ങൾ പൂർത്തിയായി.

തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ജില്ലാ തലത്തിലും പ്രത്യേക എൻഫോഴ്സ്മെന്റ് ടീമുകൾക്ക് രൂപം നൽകി പ്രവർത്തിച്ച വരുന്നു. ഇതിനെ തുടർന്ന് നിയമ നടപടികളുടെ കാര്യത്തിലും വളരെ വലിയ വർധനവ് ഉണ്ടായിട്ടുണ്ട്. 1138 പരിശോധനകളാണ് 2023ൽ നടത്തിയത് എന്നാൽ 2024-25 സാമ്പത്തിക വർഷത്തിൽ ഇത് 50559 ആയി ഉയർന്നു. ഈടാക്കിയ പിഴത്തുക 3ലക്ഷത്തിൽ നിന്നും 5.5 കോടിയിലേക്കും ഉയർന്നിട്ടുണ്ട്. നിരീക്ഷണവും നിയമനടപടിയും കർശനമാക്കുന്നതിന്റെ ഭാഗമായി 3557 ഇടങ്ങളിൽ ക്യാമറ നിരീക്ഷണ സംവിധാനം നിലവിലുണ്ട്.

പുന:ചംക്രമണ വ്യവസായം വിപുലപ്പെടുത്തുന്നതിനുള്ള നടപടികളും ഈ കാലയളവിൽ സജീവമായിട്ടുണ്ട്. ഇതിന്റെ ഫലമായി വിവിധ തരം പാഴ് വസ്തുക്കളിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിനും അവയുടെ വിപണി വികസിപ്പിക്കുന്നതിലും പുരോഗതിയുണ്ട്. ക്ലീൻ കേരള കമ്പനിയും ഈ രംഗത്തേക്ക് പ്രവേശിച്ചു കഴിഞ്ഞു. നിലവിൽ 75 സ്വകാര്യ സംരംഭകരാണ് ഈ രംഗത്ത് സജീവമായിട്ടുള്ളത്. കൂടുതൽ സംരംഭകർ ഈ രംഗത്തേക്ക് കടന്നു വരുന്നതായി ലഭ്യമായ കണക്കുകളിൽ നിന്നും മനസ്സിലാകുന്നു. മാലിന്യ പരിപാലനം സുസ്ഥിരവും സമ്പൂർണവുമാക്കുന്നതിന് അനിവാര്യമായ നയങ്ങൾ, നിയമങ്ങൾ, പ്രവർത്തന മാർഗ്ഗരേഖകൾ തുടങ്ങി നിരവധി നടപടികളും ഇതിനകം സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സ്ക്രാപ്പ്, ഇ.പി.ആർ., പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ്, ഗ്രീൻ എന്റർപ്രൈസ് തുടങ്ങിയവക്കായി നയങ്ങൾ കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.

**<u>III. പാലിയേറ്റീവ് കെയർ:</u>**

സംസ്ഥാനത്താകെ എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ അർഹരായ എല്ലാവർക്കും പാലിയേറ്റീവ് കെയർ സേവനം ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണം, ആരോഗ്യം, സാമൂഹ്യനീതി എന്നീ വകുപ്പുകൾ മുഖാന്തിരം നടപടികൾ

| | | | |
|---|---|---|---|
| | | | സ്വീകരിക്കുന്നതിന് തീരുമാനിച്ചു. പാലിയേറ്റീവ് കെയർ സാർവത്രികമായി നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ രണ്ട് ഘട്ടമായി നടപ്പാക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്.<br><br>ഘട്ടം 1 : രോഗികളെയും സന്നദ്ധ പ്രവർത്തകരെയും കണ്ടെത്തൽ, രോഗികളുടെയും സന്നദ്ധ പ്രവർത്തകരുടെയും സന്നദ്ധ സംഘടനകളുടെയും വിവരങ്ങൾ 'പാലിയേറ്റീവ് കെയർ ഗ്രിഡിൽ' രജിസ്റ്റർ ചെയ്യൽ, ബന്ധപ്പെട്ടവർക്ക് പരിശീലനം നൽകൽ തുടങ്ങിയ പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിക്കുക.<br><br>ഘട്ടം 2 : ഈ മേഖലയിലെ സ്റ്റേക്ഹോൾഡേഴ്സുമായി കൂടിയാലോചന നടത്തി 2023 ൽ ആരോഗ്യ വകുപ്പ് പുറപ്പെടുവിച്ച കർമ്മ പദ്ധതിയിലെ നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 2019 ലെ നിലവിലുള്ള മാർഗരേഖ പരിഷ്കരിക്കുക.<br><br>ഘട്ടം-1 ൽ പരാമർശിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിലേക്കായി ടി ജനകീയ ക്യാമ്പയിന്റെ രൂപരേഖ അന്തിമഘട്ടത്തിലാണ്. ആയത് പൂർത്തിയാകുന്ന മുറക്ക് നിലവിലുള്ള മാർഗരേഖ സമഗ്രമായി പരിഷ്കരിക്കുന്നതാണ്.<br><br>എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അതിദാരിദ്ര്യ നിർമ്മാർജ്ജനം, ശുചിത്വം, പാലിയേറ്റീവ് എന്നീ വിഷയങ്ങൾ അജണ്ടയായി നിശ്ചയിച്ച് പ്രത്യേക പഞ്ചായത്ത്/നഗരസഭ കൗൺസിൽ യോഗങ്ങൾ ചേരേണ്ടതും ബഹു. മുഖ്യമന്ത്രിയുടെ യോഗത്തിൽ കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നതിനാവശ്യമായ തുടർനടപടികൾ പ്രസ്തുത പഞ്ചായത്ത്/നഗരസഭ കൺസിൽ യോഗത്തിൽ ചർച്ച ചെയ്തു രൂപപ്പെടുത്തുന്നതിനാവശ്വമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ അവ ഏതെല്ലാം പദ്ധതികളാണെന്നും അവ ഓരോന്നും ഏറ്റെടുത്ത് സമയബന്ധിതമായി നടപ്പാക്കുന്നതിന് എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചെന്നും വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഭരണ സമിതികളുമായി 09/12/2024 തീയതിയിൽ വൈകുന്നേരം 3.30 ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേരുകയും സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട വിഷയങ്ങളായ അതിദാരിദ്ര്യ നിർമ്മാർജ്ജനം, ശുചിത്വം, പാലിയേറ്റീവ് കെയർ എന്നിവയുമായി ബന്ധപ്പെട്ട് തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.<br><br>I.**<u>അതിദാരിദ്ര്യ നിർമ്മാർജ്ജനം</u>**: |

അവകാശങ്ങൾക്ക് വേണ്ടി ശബ്ദം ഉയർത്താൻ പോലും ശേഷിയില്ലാതെ, പൊതു സമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടാതെ അതിതീവ്ര ദാരിദ്ര്യം അനുഭവിക്കുന്നവരെ കണ്ടെത്തി അഞ്ചു വർഷം കൊണ്ട് അവരുടെ അതിദാരിദ്ര്യം ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ 2021-ൽ ആരംഭിച്ചതാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി. സംസ്ഥാനത്ത് ഇത്തരത്തിലുള്ള 64006 കുടുംബങ്ങളിലായി 103099 വ്യക്തികളെ 1032 തദ്ദേശസ്ഥാപനങ്ങളിലായി കണ്ടെത്തിയിട്ടുണ്ട്. ഭക്ഷണം, ആരോഗ്യം, വരുമാനം, വാസസ്ഥലം എന്നീ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് ടി കുടുംബങ്ങളെ കണ്ടെത്തിയിട്ടുള്ളത്. അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി കണ്ടെത്തിയ കുടുംബങ്ങളിൽ 30658 കുടുംബങ്ങളെ (47.89%) അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കിയതായി 2023 നവംബർ1-ന് ബഹു. മുഖ്യമന്ത്രി പ്രഖ്യാപിച്ചു. പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ ഒരു കുടുംബത്തിന് അത്യന്താപേക്ഷിതമായ ഭക്ഷണവും ചികിത്സയും ഉറപ്പ് വരുത്തുന്നതിനാണ് പ്രഥമ പരിഗണന നൽകിയത്. അതിദരിദ്ര പട്ടികയിൽ ഭക്ഷണം ആവശ്യമുണ്ടെന്ന് കണ്ടെത്തിയതിൽ സ്വന്തമായി ഭക്ഷണം പാകം ചെയ്ത് കഴിക്കാൻ കഴിയുന്ന 20792 കുടുംബങ്ങൾക്ക് ഭക്ഷ്യവസ്തുക്കൾ അടങ്ങിയ കിറ്റുകളും അതിന് കഴിയാത്ത 2212 കുടുംബങ്ങൾക്ക് ജനകീയ ഹോട്ടലുകൾ, സാമൂഹ്യ അടുക്കളകൾ എന്നിവ വഴി പാകം ചെയ്ത ഭക്ഷണവും എത്തിയ്ക്കുവാൻ കഴിഞ്ഞു. പ്രസ്തുത കുടുംബങ്ങൾക്ക് ഇപ്പോഴും തടസ്സമില്ലാതെ ഭക്ഷണം ലഭിയ്ക്കുന്നു എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഉറപ്പ് വരുത്തുന്നുണ്ട്.

• ആരോഗ്യ പ്രശ്നങ്ങളാൽ ബുദ്ധിമുട്ടുകൾ നേരിട്ട 29912 ഗുണഭോക്താക്കൾക്ക് മരുന്നുകൾ ഉൾപ്പെടെയുള്ള ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും പാലിയേറ്റീവ് ചികിത്സ ആവശ്യമുള്ള 5130 ഗുണഭോക്താക്കൾക്ക് അത് നൽകുന്നതിനും ആരോഗ്യ സുരക്ഷയുമായി ബന്ധപ്പെട്ട സാമഗ്രികൾ ആവശ്യമുള്ള 394 ഗുണഭോക്താക്കൾക്ക് ആരോഗ്യ ഉപകരണങ്ങൾ നൽകുവാനും അവയവ മാറ്റിവയ്ക്കൽ ചികിത്സയ്ക്ക് 7 ഗുണഭോക്താക്കൾക്ക് വേണ്ട സഹായം നൽകുവാനും കഴിഞ്ഞിട്ടുണ്ട്.

•അടിസ്ഥാന രേഖകൾ പോലുമില്ലാതെ ബുദ്ധിമുട്ടിയിരുന്ന അതിദരിദ്രർക്ക് 'അവകാശം അതിവേഗം' യജ്ഞത്തിന്റെ ഭാഗമായി റേഷൻ കാർഡ്, ആധാർ കാർഡ്, ഇലക്ഷൻ തിരിച്ചറിയൽ

കാർഡ് പോലെയുള്ള അവകാശ രേഖകളും ആരോഗ്യ ഇൻഷ്വറൻസ്, സാമൂഹ്യ സുരക്ഷ പെൻഷൻ മുതലായ അടിയന്തര രേഖകളും നൽകുവാൻ സാധിച്ചിട്ടുണ്ട്.

• വരുമാനം ഇല്ലാതെ കഷ്ടത അനുഭവിക്കുന്ന കുടുംബങ്ങൾക്ക് വരുമാനദായക പ്രവർത്തനങ്ങൾക്ക് വേണ്ട ആനുകൂല്യങ്ങൾ നൽകുവാൻ കഴിഞ്ഞു. വരുമാനദായക പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കുന്നതിനായി കുടുംബശ്രീ സംസ്ഥാന മിഷന്റെ നേതൃത്വത്തിൽ 'ഉജ്ജീവനം' എന്ന പേരിൽ ആരംഭിച്ച സമഗ്ര പദ്ധതി വഴി 2645 കുടുംബങ്ങൾക്കും തദ്ദേശ സ്ഥാപനങ്ങൾ മുഖേന 292 കുടുംബങ്ങൾക്കും മറ്റ് വകുപ്പുകൾ മുഖേന 209 കുടുംബങ്ങൾക്കും സ്വകാര്യ വ്യക്തികൾ/സ്ഥാപനങ്ങൾ മുഖേന 234 കുടുംബങ്ങൾക്കും വരുമാനദായക പ്രവർത്തനങ്ങൾക്ക് വേണ്ട ആനുകൂല്യങ്ങൾ നൽകി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി എല്ലാവർക്കും തൊഴിൽ കാർഡ് നൽകി 100 ദിന തൊഴിൽ ഉറപ്പാക്കുന്നതിനും, ജീവനോപാധികൾ നിർമ്മിച്ച് നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, ക്ഷീരവികസന വകുപ്പ്, കൃഷിവകുപ്പ്, എന്നിവ മുഖാന്തിരം വരുമാനം ഉറപ്പാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

• അടച്ചുറപ്പുള്ള വാസസ്ഥലം ഇല്ലാതെ ബുദ്ധിമുട്ടുന്ന അതിദരിദ്ര കുടുംബങ്ങളിൽ വീട് മാത്രം ആവശ്യമുള്ള കുടുംബങ്ങളും വസ്തുവും വീടും ആവശ്യമുള്ള കുടുംബങ്ങളും നേരത്തെ തന്നെ ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിരുന്നു. നേരത്തെ തന്നെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടാത്ത വീട് മാത്രം ആവശ്യമുള്ള കുടുംബങ്ങളെയും വസ്തുവും വീടും ആവശ്യമുള്ള കുടുംബങ്ങളെയും ഉൾപ്പെടുത്തി അവർക്ക് ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. വീട് മാത്രം ആവശ്യമുള്ള കുടുംബങ്ങളിൽ 2642 കുടുംബങ്ങളുടെ വീട് നിർമ്മാണം പൂർത്തിയായിട്ടുണ്ട്. വസ്തുവും വീടും ആവശ്യമുള്ള കുടുംബങ്ങളിൽ 530 കുടുംബങ്ങളുടെ വീട് നിർമ്മാണം പൂർത്തിയായി. ഭവന പുനരുദ്ധാരണം ആവശ്യമുള്ള കുടുംബങ്ങൾക്ക് ആനുകൂല്യം നൽകുകയും 3566 വീടുകളുടെ പുനരുദ്ധാരണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. വീട് മാത്രം/വസ്തുവും വീടും ആവശ്യമുള്ള കുടുംബങ്ങൾക്ക് ആയത് ലഭിക്കുന്നതുവരെ ആവശ്യമെങ്കിൽ വാടക വീടുകളിൽ താമസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 381 കുടുംബങ്ങളെ വാടക വീടുകളിൽ മാറ്റി പാർപ്പിച്ചിട്ടുണ്ട്.

• ഏകാംഗ കുടുംബങ്ങളിൽ വാസസ്ഥലം

ആവശ്യമുള്ളവർക്ക് സാമൂഹ്യനീതി വകുപ്പ്, വനിത-ശിശു വികസന വകുപ്പ് എന്നിവയുടെ സഹകരണത്തോടെ ഷെൽറ്റർ ഹോമുകളിലേക്ക് മാറ്റുന്നതിന് സാധിച്ചിട്ടുണ്ട്.

• ലൈഫ് ഭൂരഹിത ഭവനരഹിത പട്ടികയിലും അതിദരിദ്ര പട്ടികയിലും ഉൾപ്പെട്ട അതിദരിദ്ര വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഭൂമിയും വീടും ലഭ്യമാക്കുന്നതിനായി 2025 ജനുവരി മാസത്തിൽ കൂടുതൽ ഭൂമി കൈവശമുള്ള ഭൂവുടമകളെ പ്രത്യേക ക്ഷണിതാക്കൾ ആക്കിക്കൊണ്ട് 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്. 'മനസ്സോടിത്തിരി മണ്ണ്' പദ്ധതിയുടെ രണ്ടാം ഘട്ടം എല്ലാ ജില്ലകളിലും തദ്ദേശ സ്ഥാപനങ്ങളിലും നടന്നു വരുന്നു. തദ്ദേശ സ്ഥാപന പരിധിയിൽ ഒഴിഞ്ഞ് കിടക്കുന്ന റവന്യൂ ഭൂമിയും, മറ്റ് വകുപ്പുകളുടെ അധീനതയിലുള്ളതുമായ ഭൂമിയും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ കണ്ടെത്തി അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ട ഭൂമിയും, വീടും ആവശ്യമുള്ളവർക്ക് അനുവദിച്ച് നൽകുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. വലിയ പാർസലുകളായി കിടക്കുന്ന ഭൂമികൾ തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കണ്ടെത്തി അതിദരിദ്രർക്ക് നൽകുക, വ്യക്തിഗത ഗുണഭോക്താക്കൾ നേരിട്ട് ഭൂമി വാങ്ങുക എന്നീ സാധ്യതകളും പരിശോധിച്ച് വരുന്നു. സർക്കാരിന്റെയും തദ്ദേശ സ്ഥാപനങ്ങളുടെയും യോജിച്ച പ്രവർത്തനം വഴി ഇത് വരെ 1455.5686 സെന്റ് ഭൂമി 151 തദ്ദേശ സ്ഥാപനങ്ങളിലായി കണ്ടെത്തിയിട്ടുണ്ട്.

• പൊതുവിദ്യാഭ്യാസ വകുപ്പ് മുഖാന്തിരം അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് പഠനോപകരണങ്ങൾ, കുട, ബാഗ് എന്നിവയും 14 വയസ്സ് മുതൽ 16 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് പഠനോപകരണങ്ങൾ, ഉച്ചഭക്ഷണം, പഠനത്തിന് ആവശ്യമായ സൗകര്യങ്ങൾ, കായിക വികസനം എന്നിവ ലക്ഷ്യം വച്ചുള്ള പ്രോജക്ടുകളും നടപ്പിലാക്കി വരുന്നുണ്ട്.

• കെ.എസ്.ആർ.ടി.സി-യുടെയും ഗതാഗത വകുപ്പിന്റെയും സഹകരണത്തോടെ 1767 കുട്ടികളുടെ പഠനാവശ്യങ്ങൾക്കുള്ള യാത്ര കെ.എസ്.ആർ.ടി.സി./ സ്വകാര്യ ബസ്സുകളിൽ സൗജന്യമാക്കി കൊണ്ടുള്ള യാത്ര പാസ്സുകൾ നൽകിയിട്ടുണ്ട്.

• അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ട തീരദേശവാസികൾക്ക് മരുന്ന്, ആഹാരം മുതലായവയും വാസസ്ഥലം ആവശ്യമുള്ളവർക്ക് ഫിഷറീസ് വകുപ്പിന്റെ 'പുനർഗേഹം'

പദ്ധതിയിലുൾപ്പെടുത്തി വാസസ്ഥലവും ഉറപ്പാക്കുന്നുണ്ട്.

• സോഷ്യൽ സെക്യൂരിറ്റി മിഷന്റെ 'സ്നേഹപൂർവ്വം' പദ്ധതിയിലുൾപ്പെടുത്തി അതിദരിദ്ര പട്ടികയിലുൾപ്പെട്ട മാതാപിതാക്കൾ, മാതാവോ/പിതാവോ നഷ്ടപ്പെട്ട വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ്/സ്റ്റൈപ്പന്റ് വിതരണം ചെയ്യുന്നുണ്ട്.

• അതിദരിദ്ര പട്ടികയിലുൾപ്പെട്ടവരുടെ വീട് വയറിംഗ്, വൈദ്യുതി കണക്ഷൻ മുതലായ സേവനങ്ങൾ കെ.എസ്.ഇ.ബി വഴി നടത്തുന്നുണ്ട്.

• അതിദരിദ്ര പട്ടികയിലുൾപ്പെട്ടവർക്ക് ശുദ്ധമായ കുടിവെള്ള വിതരണത്തിനുള്ള കണക്ഷനുകൾ കേരളാ വാട്ടർ അതോറിറ്റി മുഖാന്തിരം ലഭ്യമാക്കുന്നുണ്ട്.

2025 നവംബർ 1-ന് മുമ്പ് സംസ്ഥാനം അതിദാരിദ്ര്യത്തിൽ നിന്ന് പൂർണ്ണമായും മുക്തമാക്കുന്നതിനായി ലക്ഷ്യം മുൻനിർത്തി യുദ്ധകാലാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.

**II. <u>ശുചിത്വം</u> :**

നമ്മുടെ നാടിനെ മാലിന്യ മുക്തമാക്കുന്നതിനുള്ള "മാലിന്യ മുക്തം നവകേരളം" ലക്ഷ്യമാക്കികൊണ്ട് 2024 ഒക്ടോബർ 2 ഗാന്ധി ജയന്തി ദിനം മുതൽ 2025 മാർച്ച് 30, അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനം വരെയുള്ള കാലയളവിൽ മാലിന്യ മുക്ത നവകേരളത്തിനായി ക്യാമ്പയിൻ സംഘടിപ്പിക്കാൻ തീരുമാനിച്ചു. നമ്മുടെ നാടിനെ പൂർണ്ണമായി മാലിന്യ മുക്തമാക്കി വൃത്തിയാക്കുക, ശുചിത്വം പാലിക്കുക ഇതാണ് ക്യാമ്പയിൻ കൊണ്ട് ഉദ്ദേശിക്കുന്നത്. ആയതിലേയ്ക്കായി ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, രാഷ്ട്രീയ പ്രവർത്തകർ, യുവജന സംഘടനാ പ്രവർത്തകർ എന്നിവരടങ്ങിയ നിർവ്വഹണ സമിതികൾ സംസ്ഥാന ജില്ലാ, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് തലങ്ങളിൽ രൂപീകരിച്ചിട്ടുണ്ട്.

2025 മാർച്ച 30 ന് സമ്പൂർണ്ണ ശുചിത്വ കേരളം പ്രഖ്യാപനം നടത്തുന്നതിനാവശ്യമായ രീതിയിൽ ശുചീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഓഫീസുകൾ, ടൂറിസം കേന്ദ്രങ്ങൾ, ടൗണുകൾ, മാർക്കറ്റുകൾ, പൊതുസ്ഥലങ്ങൾ, സ്കൂളുകൾ, കലാലയങ്ങൾ അയൽക്കൂട്ടങ്ങൾ, തുടങ്ങിയവ ഹരിതമാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയക്രമം പാലിച്ചു പ്രവർത്തനം നടന്ന് വരുന്നു. ഇതുവരെ

പ്രവർത്തനങ്ങൾ അവലോകനം നടത്തി കുറവുകൾ കണ്ടെത്തി പരിഹരിച്ച് വരുന്നു.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ പൂർണ്ണമായും പദ്ധതികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.

2023ൽ 47% ആയിരുന്ന അജൈവ പാഴ് വസ്തുക്കളുടെ വാതില്പടി ശേഖരണത്തിന്റെ അളവ് 2025ഓടെ 89%-ലേക്ക് ഉയർന്നു. 35% ഉണ്ടായിരുന്ന യൂസർഫീ കളക്ഷൻ 72% ആയി വർദ്ധിച്ചു. 376 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 11 ലക്ഷംപേർ ഹരിതമിത്രം ആപ്ലിക്കേഷൻ വഴിയുള്ള സേവനം ഉപയോഗിച്ചിരുന്നത് 1019 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 76ലക്ഷം പേരിലേയ്ക്ക് എത്തിക്കാൻ കഴിഞ്ഞു. 7446 മിനി എം.സി.എഫ് എന്ന താത്കാലിക അജൈവ പാഴ് വസ്തു സംഭരണ കേന്ദ്രങ്ങൾ 21,013 ആയി വർദ്ധിപ്പിച്ചു. വലിയ സംഭരണ സംവിധാനമായ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളുടെ (എം.സി.എഫ്) എണ്ണം 1160-ൽ നിന്നും 1325-ലേക്കും റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ (ആർ.ആർ.എഫ്) 87-ൽ നിന്നും 190-ലേക്ക് വർദ്ധിച്ചതും മാലിന്യ പരിപാലന പ്രവർത്തനങ്ങളുടെ വേഗവും ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിന് സഹായകരമായ ഘടകങ്ങളാണ്.

2023ൽ 33,378 ഉണ്ടായിരുന്ന ഹരിതകർമ്മ സേന അംഗങ്ങളുടെ എണ്ണം 37,363 ആയി ഉയർന്നു. 2022-23 സാമ്പത്തിക വർഷം 30,217ടൺ അജൈവ മാലിന്യം കൈകാര്യം ചെയ്ത സ്ഥാനത്ത് ക്ലീൻ കേരള കമ്പനി ഈ സാമ്പത്തിക വർഷം അവസാനിക്കാൻ 2മാസം ശേഷിക്കേ 45,197 ടൺ അജൈവ മാലിന്യമാണ് കൈകാര്യം ചെയ്തത്. 87300 Sq. Ft ആയിരുന്ന ക്ലീൻ കേരള കമ്പനിയുടെ ശേഖരണ സംവിധാനങ്ങളുടെ ശേഷി 231799 Sq.Ft ആയി വർദ്ധിച്ചു. മാലിന്യ സംസ്കരണ രംഗത്തെ സ്വകാര്യ ഏജൻസികളുടെ പങ്കാളിത്തവും ഈ കാലയളവിൽ വർദ്ധിച്ചു. വിവിധ സേവനങ്ങൾ നൽകുന്ന ശുചിത്വ മിഷൻ അംഗീകാരം നേടിയ ഏജൻസികളുടെ എണ്ണം 74ൽ നിന്നും 188 ആയി വർധിച്ചു. സ്വകാര്യ ഏജൻസികളുടെ നേതൃത്വത്തിൽ അജൈവ പാഴ് വസ്തു പരിപാലനത്തിനുള്ള അടിസ്ഥാനസൗകര്യങ്ങളും വിപുലപ്പെട്ടുകഴിഞ്ഞു. 53 ഏജൻസികളുടെ 83 ഗോഡൗണുകൾക്ക് 612128 ചതു. അടി സംഭരണശേഷിയുണ്ട്. ഇതിന് 306 ടൺ അജൈവ പാഴ് വസ്തു പ്രതിദിനം തരം തിരിക്കാനുള്ള സൗകര്യവും ഉണ്ട്. 35 റെൻഡറിംഗ് പ്ലാന്റുകൾ

ചിക്കൻ വേസ്റ്റ് സംസ്കരിക്കുന്നതിനും മുടി മാലിന്യ സംസ്കരണത്തിന് ഒരു പ്ലാന്റും സ്വകാര്യ സംരംഭകരുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ കൂടുതൽ സ്വകാര്യ ഏജൻസികൾ സംസ്കരണ സംവിധാനങ്ങൾ സജ്ജമാക്കുന്നതിന് മുന്നോട്ടു വരുന്നുണ്ട്.

ജൈമാലിന്യ സംസ്കരണത്തിലും വലിയ നേട്ടങ്ങൾ ഉണ്ടാക്കിയെടുക്കാൻ ഈ കാലയളവിൽ സാധിച്ചു. 271 പൊതു ബയോ ഗ്യാസ് പ്ലാന്റുകളിൽ 142.26 ടൺ ജൈവമാലിന്യം പ്രതിദിനം സംസ്കരിക്കപ്പെടുന്നു. 1303 പൊതു കമ്പോസ്റ്റിംഗ് സംവിധാനങ്ങളിലായി 149.36 ടൺ മാലിന്യവും പ്രതിദിനം കൈകാര്യം ചെയ്യുന്നു. 100ടൺ ജൈവ മാലിന്യം പ്രതിദിനം 2 ബ്ലാക്ക് സോൾജിയർ ഫ്ലൈ യൂണിറ്റുകൾ സംസ്കരിക്കുന്നുണ്ട്. 1591563 ഗാർഹിക തല ജൈവ മാലിന്യ സംസ്കരണ സംവിധാനത്തിൽ 4016.39 ടൺ മാലിന്യം 42290 സ്ഥാപനതല ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളാൽ 143.70 ടൺ മാലിന്യവും 1288182 കമ്പോസ്റ്റിംഗ് പിറ്റുകളിൽ 1293.38ടൺ ജൈവ മാലിന്യവും 34 വലിയ കമ്പോസ്റ്റിംഗ് സംവിധാനങ്ങളിലൂടെ 306.66 ടൺ ജൈവ മാലിന്യവും പ്രതിദിനം കൈകാര്യം ചെയ്യപ്പെടുന്നു.

സംസ്ഥാനത്ത് 59 സ്ഥലങ്ങളിലായി ആരംഭിച്ച ബയോ മൈനിങ് പ്രവർത്തനങ്ങളിൽ 345793.15 ടൺ മാലിന്യം സംസ്കരിക്കപ്പെട്ടു. 24 സ്ഥലങ്ങളിലെ പ്രവർത്തനങ്ങൾ പൂർത്തിയായി.

തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ജില്ലാ തലത്തിലും പ്രത്യേക എൻഫോഴ്സ്മെന്റ് ടീമുകൾക്ക് രൂപം നൽകി പ്രവർത്തിച്ചു വരുന്നു. ഇതിനെ തുടർന്ന് നിയമ നടപടികളുടെ കാര്യത്തിലും വളരെ വലിയ വർധനവ് ഉണ്ടായിട്ടുണ്ട്. 1138 പരിശോധനകളാണ് 2023ൽ നടത്തിയത് എന്നാൽ 2024-25 സാമ്പത്തിക വർഷത്തിൽ ഇത് 50559 ആയി ഉയർന്നു. ഈടാക്കിയ പിഴത്തുക 3ലക്ഷത്തിൽ നിന്നും 5.5 കോടിയിലേക്കും ഉയർന്നിട്ടുണ്ട്. നിരീക്ഷണവും നിയമനടപടിയും കർശനമാക്കുന്നതിന്റെ ഭാഗമായി 3557 ഇടങ്ങളിൽ ക്യാമറ നിരീക്ഷണ സംവിധാനം നിലവിലുണ്ട്.

പുന:ചംക്രമണ വ്യവസായം വിപുലപ്പെടുത്തുന്നതിനുള്ള നടപടികളും ഈ കാലയളവിൽ സജീവമായിട്ടുണ്ട്. ഇതിന്റെ ഫലമായി വിവിധ തരം പാഴ് വസ്തുക്കളിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിനും അവയുടെ വിപണി വികസിപ്പിക്കുന്നതിലും പുരോഗതിയുണ്ട്. ക്ലീൻ

കേരള കമ്പനിയും ഈ രംഗത്തേക്ക് പ്രവേശിച്ചു കഴിഞ്ഞു. നിലവിൽ 75 സ്വകാര്യ സംരംഭകരാണ് ഈ രംഗത്ത് സജീവമായിട്ടുള്ളത്. കൂടുതൽ സംരംഭകർ ഈ രംഗത്തേക്ക് കടന്നു വരുന്നതായി ലഭ്യമായ കണക്കുകളിൽ നിന്നും മനസ്സിലാകുന്നു. മാലിന്യ പരിപാലനം സുസ്ഥിരവും സമ്പൂർണവുമാക്കുന്നതിന് അനിവാര്യമായ നയങ്ങൾ, നിയമങ്ങൾ, പ്രവർത്തന മാർഗ്ഗരേഖകൾ തുടങ്ങി നിരവധി നടപടികളും ഇതിനകം സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സ്ക്രാപ്പ്, ഇ.പി.ആർ., പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ്, ഗ്രീൻ എന്റർപ്രൈസ് തുടങ്ങിയവക്കായി നയങ്ങൾ കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.

**<u>III. പാലിയേറ്റീവ് കെയർ:</u>**

സംസ്ഥാനത്താകെ എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ അർഹരായ എല്ലാവർക്കും പാലിയേറ്റീവ് കെയർ സേവനം ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണം, ആരോഗ്യം, സാമൂഹ്യനീതി എന്നീ വകുപ്പുകൾ മുഖാന്തിരം നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു. പാലിയേറ്റീവ് കെയർ സാർവത്രികമായി നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ രണ്ട് ഘട്ടമായി നടപ്പാക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്.

ഘട്ടം 1 : രോഗികളെയും സന്നദ്ധ പ്രവർത്തകരെയും കണ്ടെത്തൽ, രോഗികളുടെയും സന്നദ്ധ പ്രവർത്തകരുടെയും സന്നദ്ധ സംഘടനകളുടെയും വിവരങ്ങൾ 'പാലിയേറ്റീവ് കെയർ ഗ്രിഡിൽ' രജിസ്റ്റർ ചെയ്യൽ, ബന്ധപ്പെട്ടവർക്ക് പരിശീലനം നൽകൽ തുടങ്ങിയ പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിക്കുക.

ഘട്ടം 2 : ഈ മേഖലയിലെ സ്റ്റേക്ക്ഹോൾഡേഴ്സുമായി കൂടിയാലോചന നടത്തി 2023 ൽ ആരോഗ്യ വകുപ്പ് പുറപ്പെടുവിച്ച കർമ്മ പദ്ധതിയിലെ നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 2019 ലെ നിലവിലുള്ള മാർഗരേഖ പരിഷ്കരിക്കുക.

ഘട്ടം-1 ൽ പരാമർശിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിലേക്കായി ടി ജനകീയ ക്യാമ്പയിന്റെ രൂപരേഖ അന്തിമഘട്ടത്തിലാണ്. ആയത് പൂർത്തിയാകുന്ന മുറക്ക് നിലവിലുള്ള മാർഗരേഖ സമഗ്രമായി പരിഷ്കരിക്കുന്നതാണ്.

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അതിദാരിദ്ര്യ നിർമ്മാർജ്ജനം, ശുചിത്വം, പാലിയേറ്റീവ് എന്നീ വിഷയങ്ങൾ അജണ്ടയായി നിശ്ചയിച്ച്

| | | | |
|---|---|---|---|
| | | | പ്രത്യേക പഞ്ചായത്ത്/നഗരസഭ കൗൺസിൽ യോഗങ്ങൾ ചേരേണ്ടതും ബഹു. മുഖ്യമന്ത്രിയുടെ യോഗത്തിൽ കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നതിനാവശ്യമായ തുടർനടപടികൾ പ്രസ്തുത പഞ്ചായത്ത്/നഗരസഭ കൺസിൽ യോഗത്തിൽ ചർച്ച ചെയ്തു രൂപപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത നടപടികളുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എന്തെല്ലാം പദ്ധതികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (സി) | സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഭരണ സമിതികളുമായി 09/12/2024 തീയതിയിൽ വൈകുന്നേരം 3.30 ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേരുകയും സംസ്ഥാനം അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട വിഷയങ്ങളായ അതിദാരിദ്ര്യ നിർമ്മാർജ്ജനം, ശുചിത്വം, പാലിയേറ്റീവ് കെയർ എന്നിവയുമായി ബന്ധപ്പെട്ട് തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.<br><br>I. **<u>അതിദാരിദ്ര്യ നിർമ്മാർജ്ജനം</u>**:<br><br>അവകാശങ്ങൾക്ക് വേണ്ടി ശബ്ദം ഉയർത്താൻ പോലും ശേഷിയില്ലാതെ, പൊതു സമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടാതെ അതിതീവ്ര ദാരിദ്ര്യം അനുഭവിക്കുന്നവരെ കണ്ടെത്തി അഞ്ചു വർഷം കൊണ്ട് അവരുടെ അതിദാരിദ്ര്യം ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ 2021-ൽ ആരംഭിച്ചതാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി. സംസ്ഥാനത്ത് ഇത്തരത്തിലുള്ള 64006 കുടുംബങ്ങളിലായി 103099 വ്യക്തികളെ 1032 തദ്ദേശസ്ഥാപനങ്ങളിലായി കണ്ടെത്തിയിട്ടുണ്ട്. ഭക്ഷണം, ആരോഗ്യം, വരുമാനം, വാസസ്ഥലം എന്നീ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് ടി കുടുംബങ്ങളെ കണ്ടെത്തിയിട്ടുള്ളത്. അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി കണ്ടെത്തിയ കുടുംബങ്ങളിൽ 30658 കുടുംബങ്ങളെ (47.89%) അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കിയതായി 2023 നവംബർ1-ന് ബഹു. മുഖ്യമന്ത്രി പ്രഖ്യാപിച്ചു. പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ ഒരു കുടുംബത്തിന് അത്യന്താപേക്ഷിതമായ ഭക്ഷണവും ചികിത്സയും ഉറപ്പ് വരുത്തുന്നതിനാണ് പ്രഥമ പരിഗണന നൽകിയത്. അതിദരിദ്ര പട്ടികയിൽ ഭക്ഷണം ആവശ്യമുണ്ടെന്ന് കണ്ടെത്തിയതിൽ സ്വന്തമായി ഭക്ഷണം പാകം ചെയ്ത് കഴിക്കാൻ കഴിയുന്ന 20792 കുടുംബങ്ങൾക്ക് ഭക്ഷ്യവസ്തുക്കൾ അടങ്ങിയ കിറ്റുകളും അതിന് കഴിയാത്ത 2212 കുടുംബങ്ങൾക്ക് ജനകീയ ഹോട്ടലുകൾ, സാമൂഹ്യ |

അടുക്കളകൾ എന്നിവ വഴി പാകം ചെയ്ത ഭക്ഷണവും എത്തിയ്ക്കുവാൻ കഴിഞ്ഞു. പ്രസ്തുത കുടുംബങ്ങൾക്ക് ഇപ്പോഴും തടസ്സമില്ലാതെ ഭക്ഷണം ലഭിയ്ക്കുന്നു എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഉറപ്പ് വരുത്തുന്നുണ്ട്.

• ആരോഗ്യ പ്രശ്നങ്ങളാൽ ബുദ്ധിമുട്ടുകൾ നേരിട്ട 29912 ഗുണഭോക്താക്കൾക്ക് മരുന്നുകൾ ഉൾപ്പെടെയുള്ള ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും പാലിയേറ്റീവ് ചികിത്സ ആവശ്യമുള്ള 5130 ഗുണഭോക്താക്കൾക്ക് അത് നൽകുന്നതിനും ആരോഗ്യ സുരക്ഷയുമായി ബന്ധപ്പെട്ട സാമഗ്രികൾ ആവശ്യമുള്ള 394 ഗുണഭോക്താക്കൾക്ക് ആരോഗ്യ ഉപകരണങ്ങൾ നൽകുവാനും അവയവ മാറ്റിവയ്ക്കൽ ചികിത്സയ്ക്ക് 7 ഗുണഭോക്താക്കൾക്ക് വേണ്ട സഹായം നൽകുവാനും കഴിഞ്ഞിട്ടുണ്ട്.

•അടിസ്ഥാന രേഖകൾ പോലുമില്ലാതെ ബുദ്ധിമുട്ടിയിരുന്ന അതിദരിദ്രർക്ക് 'അവകാശം അതിവേഗം' യജ്ഞത്തിന്റെ ഭാഗമായി റേഷൻ കാർഡ്, ആധാർ കാർഡ്, ഇലക്ഷൻ തിരിച്ചറിയൽ കാർഡ് പോലെയുള്ള അവകാശ രേഖകളും ആരോഗ്യ ഇൻഷുറൻസ്, സാമൂഹ്യ സുരക്ഷ പെൻഷൻ മുതലായ അടിയന്തര രേഖകളും നൽകുവാൻ സാധിച്ചിട്ടുണ്ട്.

• വരുമാനം ഇല്ലാതെ കഷ്ടത അനുഭവിക്കുന്ന കുടുംബങ്ങൾക്ക് വരുമാനദായക പ്രവർത്തനങ്ങൾക്ക് വേണ്ട ആനുകൂല്യങ്ങൾ നൽകുവാൻ കഴിഞ്ഞു. വരുമാനദായക പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കുന്നതിനായി കുടുംബശ്രീ സംസ്ഥാന മിഷന്റെ നേതൃത്വത്തിൽ ‘ഉജ്ജീവനം’ എന്ന പേരിൽ ആരംഭിച്ച സമഗ്ര പദ്ധതി വഴി 2645 കുടുംബങ്ങൾക്കും തദ്ദേശ സ്ഥാപനങ്ങൾ മുഖേന 292 കുടുംബങ്ങൾക്കും മറ്റ് വകുപ്പുകൾ മുഖേന 209 കുടുംബങ്ങൾക്കും സ്വകാര്യ വ്യക്തികൾ/സ്ഥാപനങ്ങൾ മുഖേന 234 കുടുംബങ്ങൾക്കും വരുമാനദായക പ്രവർത്തനങ്ങൾക്ക് വേണ്ട ആനുകൂല്യങ്ങൾ നൽകി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി എല്ലാവർക്കും തൊഴിൽ കാർഡ് നൽകി 100 ദിന തൊഴിൽ ഉറപ്പാക്കുന്നതിനും, ജീവനോപാധികൾ നിർമ്മിച്ച് നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, ക്ഷീരവികസന വകുപ്പ്, കൃഷിവകുപ്പ്, എന്നിവ മുഖാന്തിരം വരുമാനം ഉറപ്പാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

• അടച്ചുറപ്പുള്ള വാസസ്ഥലം ഇല്ലാതെ ബുദ്ധിമുട്ടുന്ന അതിദരിദ്ര കുടുംബങ്ങളിൽ വീട് മാത്രം ആവശ്യമുള്ള കുടുംബങ്ങളും വസ്തുവും വീടും ആവശ്യമുള്ള

കുടുംബങ്ങളും നേരത്തെ തന്നെ ലൈഫ് ഭവന പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിരുന്നു. നേരത്തെ തന്നെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടാത്ത വീട് മാത്രം ആവശ്യമുള്ള കുടുംബങ്ങളെയും വസ്തുവും വീടും ആവശ്യമുള്ള കുടുംബങ്ങളെയും ഉൾപ്പെടുത്തി അവർക്ക് ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. വീട് മാത്രം ആവശ്യമുള്ള കുടുംബങ്ങളിൽ 2642 കുടുംബങ്ങളുടെ വീട് നിർമ്മാണം പൂർത്തിയായിട്ടുണ്ട്. വസ്തുവും വീടും ആവശ്യമുള്ള കുടുംബങ്ങളിൽ 530 കുടുംബങ്ങളുടെ വീട് നിർമ്മാണം പൂർത്തിയായി. ഭവന പുനരുദ്ധാരണം ആവശ്യമുള്ള കുടുംബങ്ങൾക്ക് ആനുകൂല്യം നൽകുകയും 3566 വീടുകളുടെ പുനരുദ്ധാരണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. വീട് മാത്രം/വസ്തുവും വീടും ആവശ്യമുള്ള കുടുംബങ്ങൾക്ക് ആയത് ലഭിക്കുന്നതുവരെ ആവശ്യമെങ്കിൽ വാടക വീടുകളിൽ താമസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 381 കുടുംബങ്ങളെ വാടക വീടുകളിൽ മാറ്റി പാർപ്പിച്ചിട്ടുണ്ട്.

- ഏകാംഗ കുടുംബങ്ങളിൽ വാസസ്ഥലം ആവശ്യമുള്ളവർക്ക് സാമൂഹ്യനീതി വകുപ്പ്, വനിത-ശിശു വികസന വകുപ്പ് എന്നിവയുടെ സഹകരണത്തോടെ ഷെൽറ്റർ ഹോമുകളിലേക്ക് മാറ്റുന്നതിന് സാധിച്ചിട്ടുണ്ട്.
- ലൈഫ് ഭൂരഹിത ഭവനരഹിത പട്ടികയിലും അതിദരിദ്ര പട്ടികയിലും ഉൾപ്പെട്ട അതിദരിദ്ര വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഭൂമിയും വീടും ലഭ്യമാക്കുന്നതിനായി 2025 ജനുവരി മാസത്തിൽ കൂടുതൽ ഭൂമി കൈവശമുള്ള ഭൂവുടമകളെ പ്രത്യേക ക്ഷണിതാക്കൾ ആക്കിക്കൊണ്ട് 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്. 'മനസ്സോടിത്തിരി മണ്ണ്' പദ്ധതിയുടെ രണ്ടാം ഘട്ടം എല്ലാ ജില്ലകളിലും തദ്ദേശ സ്ഥാപനങ്ങളിലും നടന്നു വരുന്നു. തദ്ദേശ സ്ഥാപന പരിധിയിൽ ഒഴിഞ്ഞ് കിടക്കുന്ന റവന്യൂ ഭൂമിയും, മറ്റ് വകുപ്പുകളുടെ അധീനതയിലുള്ളതുമായ ഭൂമിയും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ കണ്ടെത്തി അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ട ഭൂമിയും, വീടും ആവശ്യമുള്ളവർക്ക് അനുവദിച്ച് നൽകുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. വലിയ പാർസലുകളായി കിടക്കുന്ന ഭൂമികൾ തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കണ്ടെത്തി അതിദരിദ്രർക്ക് നൽകുക, വ്യക്തിഗത ഗുണഭോക്താക്കൾ നേരിട്ട് ഭൂമി വാങ്ങുക എന്നീ സാധ്യതകളും പരിശോധിച്ച് വരുന്നു. സർക്കാരിന്റെയും തദ്ദേശ സ്ഥാപനങ്ങളുടെയും യോജിച്ച പ്രവർത്തനം വഴി ഇത് വരെ 1455.5686

സെന്റ് ഭൂമി 151 തദ്ദേശ സ്ഥാപനങ്ങളിലായി കണ്ടെത്തിയിട്ടുണ്ട്.

• പൊതുവിദ്യാഭ്യാസ വകുപ്പ് മുഖാന്തിരം അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് പഠനോപകരണങ്ങൾ, കുട, ബാഗ് എന്നിവയും 14 വയസ്സ് മുതൽ 16 വയസ്സു വരെ പ്രായമുള്ള കുട്ടികൾക്ക് പഠനോപകരണങ്ങൾ, ഉച്ചഭക്ഷണം, പഠനത്തിന് ആവശ്യമായ സൗകര്യങ്ങൾ, കായിക വികസനം എന്നിവ ലക്ഷ്യം വച്ചുള്ള പ്രോജക്ടുകളും നടപ്പിലാക്കി വരുന്നുണ്ട്.

• കെ.എസ്.ആർ.ടി.സി-യുടെയും ഗതാഗത വകുപ്പിന്റെയും സഹകരണത്തോടെ 1767 കുട്ടികളുടെ പഠനാവശ്യങ്ങൾക്കുള്ള യാത്ര കെ.എസ്.ആർ.ടി.സി./ സ്വകാര്യ ബസ്സുകളിൽ സൗജന്യമാക്കി കൊണ്ടുള്ള യാത്ര പാസ്സുകൾ നൽകിയിട്ടുണ്ട്.

• അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ട തീരദേശവാസികൾക്ക് മരുന്ന്, ആഹാരം മുതലായവയും വാസസ്ഥലം ആവശ്യമുള്ളവർക്ക് ഫിഷറീസ് വകുപ്പിന്റെ 'പുനർഗേഹം' പദ്ധതിയിലുൾപ്പെടുത്തി വാസസ്ഥലവും ഉറപ്പാക്കുന്നുണ്ട്.

• സോഷ്യൽ സെക്യൂരിറ്റി മിഷന്റെ 'സ്നേഹപൂർവ്വം' പദ്ധതിയിലുൾപ്പെടുത്തി അതിദരിദ്ര പട്ടികയിലുൾപ്പെട്ട മാതാപിതാക്കൾ, മാതാവോ/പിതാവോ നഷ്ടപ്പെട്ട വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ്/സ്റ്റൈപ്പന്റ് വിതരണം ചെയ്യുന്നുണ്ട്.

• അതിദരിദ്ര പട്ടികയിലുൾപ്പെട്ടവരുടെ വീട് വയറിംഗ്, വൈദ്യുതി കണക്ഷൻ മുതലായ സേവനങ്ങൾ കെ.എസ്.ഇ.ബി വഴി നടത്തുന്നുണ്ട്.

• അതിദരിദ്ര പട്ടികയിലുൾപ്പെട്ടവർക്ക് ശുദ്ധമായ കുടിവെള്ള വിതരണത്തിനുള്ള കണക്ഷനുകൾ കേരളാ വാട്ടർ അതോറിറ്റി മുഖാന്തിരം ലഭ്യമാക്കുന്നുണ്ട്.

2025 നവംബർ 1-ന് മുമ്പ് സംസ്ഥാനം അതിദാരിദ്ര്യത്തിൽ നിന്ന് പൂർണ്ണമായും മുക്തമാക്കുന്നതിനായി ലക്ഷ്യം മുൻനിർത്തി യുദ്ധകാലാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.

**II. ശുചിത്വം :**

നമ്മുടെ നാടിനെ മാലിന്യ മുക്തമാക്കുന്നതിനുള്ള "മാലിന്യ മുക്തം നവകേരളം" ലക്ഷ്യമാക്കികൊണ്ട് 2024 ഒക്ടോബർ 2 ഗാന്ധി ജയന്തി ദിനം മുതൽ 2025 മാർച്ച് 30, അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനം

വരെയുള്ള കാലയളവിൽ മാലിന്യ മുക്ത നവകേരളത്തിനായി ക്യാമ്പയിൻ സംഘടിപ്പിക്കാൻ തീരുമാനിച്ചു. നമ്മുടെ നാടിനെ പൂർണ്ണമായി മാലിന്യ മുക്തമാക്കി വൃത്തിയാക്കുക, ശുചിത്വം പാലിക്കുക ഇതാണ് ക്യാമ്പയിൻ കൊണ്ട് ഉദ്ദേശിക്കുന്നത്. ആയതിലേയ്ക്കായി ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, രാഷ്ട്രീയ പ്രവർത്തകർ, യുവജന സംഘടനാ പ്രവർത്തകർ എന്നിവരടങ്ങിയ നിർവ്വഹണ സമിതികൾ സംസ്ഥാന ജില്ലാ, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ബ്ലോക്ക്, ഗ്രാമ പഞ്ചായത്തു തലങ്ങളിൽ രൂപീകരിച്ചിട്ടുണ്ട്.

2025 മാർച്ച 30 ന് സമ്പൂർണ്ണ ശുചിത്വ കേരളം പ്രഖ്യാപനം നടത്തുന്നതിനാവശ്യമായ രീതിയിൽ ശുചീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഓഫീസുകൾ, ടൂറിസം കേന്ദ്രങ്ങൾ, ടൗണുകൾ, മാർക്കറ്റുകൾ, പൊതുസ്ഥലങ്ങൾ, സ്കൂളുകൾ, കലാലയങ്ങൾ അയൽക്കൂട്ടങ്ങൾ, തുടങ്ങിയവ ഹരിതമാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയക്രമം പാലിച്ചു പ്രവർത്തനം നടന്ന് വരുന്നു. ഇതുവരെ പ്രവർത്തനങ്ങൾ അവലോകനം നടത്തി കുറവുകൾ കണ്ടെത്തി പരിഹരിച്ച് വരുന്നു.

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ പൂർണ്ണമായും പദ്ധതികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല.

2023ൽ 47% ആയിരുന്ന അജൈവ പാഴ് വസ്തുക്കളുടെ വാതില്പടി ശേഖരണത്തിന്റെ അളവ് 2025ഓടെ 89%-ലേക്ക് ഉയർന്നു. 35% ഉണ്ടായിരുന്ന യൂസർഫീ കളക്ഷൻ 72% ആയി വർദ്ധിച്ചു. 376 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 11 ലക്ഷംപേർ ഹരിതമിത്രം ആപ്ലിക്കേഷൻ വഴിയുള്ള സേവനം ഉപയോഗിച്ചിരുന്നത് 1019 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 76ലക്ഷം പേരിലേയ്ക്ക് എത്തിക്കാൻ കഴിഞ്ഞു. 7446 മിനി എം.സി.എഫ് എന്ന താത്കാലിക അജൈവ പാഴ് വസ്തു സംഭരണ കേന്ദ്രങ്ങൾ 21,013 ആയി വർദ്ധിപ്പിച്ചു. വലിയ സംഭരണ സംവിധാനമായ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളുടെ (എം.സി.എഫ്) എണ്ണം 1160-ൽ നിന്നും 1325-ലേക്കും റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ (ആർ.ആർ.എഫ്) 87-ൽ നിന്നും 190-ലേക്ക് വർദ്ധിച്ചതും മാലിന്യ പരിപാലന പ്രവർത്തനങ്ങളുടെ വേഗവും ഗുണനിലവാരവും മെച്ചപ്പെടുത്തുന്നതിന് സഹായകരമായ ഘടകങ്ങളാണ്.

2023ൽ 33,378 ഉണ്ടായിരുന്ന ഹരിതകർമ്മ സേന അംഗങ്ങളുടെ എണ്ണം 37,363 ആയി ഉയർന്നു. 2022-

23 സാമ്പത്തിക വർഷം 30,217ടൺ അജൈവ മാലിന്യം കൈകാര്യം ചെയ്ത സ്ഥാനത്ത് ക്ലീൻ കേരള കമ്പനി ഈ സാമ്പത്തിക വർഷം അവസാനിക്കാൻ 2മാസം ശേഷിക്കേ 45,197 ടൺ അജൈവ മാലിന്യമാണ് കൈകാര്യം ചെയ്തത്. 87300 Sq. Ft ആയിരുന്ന ക്ലീൻ കേരള കമ്പനിയുടെ ശേഖരണ സംവിധാനങ്ങളുടെ ശേഷി 231799 Sq.Ft ആയി വർദ്ധിച്ചു. മാലിന്യ സംസ്കരണ രംഗത്തെ സ്വകാര്യ ഏജൻസികളുടെ പങ്കാളിത്തവും ഈ കാലയളവിൽ വർദ്ധിച്ചു. വിവിധ സേവനങ്ങൾ നൽകുന്ന ശുചിത്വ മിഷൻ അംഗീകാരം നേടിയ ഏജൻസികളുടെ എണ്ണം 74ൽ നിന്നും 188 ആയി വർധിച്ചു. സ്വകാര്യ ഏജൻസികളുടെ നേതൃത്വത്തിൽ അജൈവ പാഴ് വസ്തു പരിപാലനത്തിനുള്ള അടിസ്ഥാനസൗകര്യങ്ങളും വിപുലപ്പെട്ടുകഴിഞ്ഞു. 53 ഏജൻസികളുടെ 83 ഗോഡൗണുകൾക്ക് 612128 ചതു. അടി സംഭരണശേഷിയുണ്ട്. ഇതിന് 306 ടൺ അജൈവ പാഴ് വസ്തു പ്രതിദിനം തരം തിരിക്കാനുള്ള സൗകര്യവും ഉണ്ട്. 35 റെൻഡറിംഗ് പ്ലാന്റുകൾ ചിക്കൻ വേസ്റ്റ് സംസ്കരിക്കുന്നതിനും മുടി മാലിന്യ സംസ്കരണത്തിന് ഒരു പ്ലാന്റും സ്വകാര്യ സംരംഭകരുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ കൂടുതൽ സ്വകാര്യ ഏജൻസികൾ സംസ്കരണ സംവിധാനങ്ങൾ സജ്ജമാക്കുന്നതിന് മുന്നോട്ടു വരുന്നുണ്ട്.

ജൈമാലിന്യ സംസ്കരണത്തിലും വലിയ നേട്ടങ്ങൾ ഉണ്ടാക്കിയെടുക്കാൻ ഈ കാലയളവിൽ സാധിച്ചു. 271 പൊതു ബയോ ഗ്യാസ് പ്ലാന്റുകളിൽ 142.26 ടൺ ജൈവമാലിന്യം പ്രതിദിനം സംസ്കരിക്കപ്പെടുന്നു. 1303 പൊതു കമ്പോസ്റ്റിംഗ് സംവിധാനങ്ങളിലായി 149.36 ടൺ മാലിന്യവും പ്രതിദിനം കൈകാര്യം ചെയ്യുന്നു. 100ടൺ ജൈവ മാലിന്യം പ്രതിദിനം 2 ബ്ലാക്ക് സോൾജിയർ ഫ്ലൈ യൂണിറ്റുകൾ സംസ്കരിക്കുന്നുണ്ട്. 1591563 ഗാർഹിക തല ജൈവ മാലിന്യ സംസ്കരണ സംവിധാനത്തിൽ 4016.39 ടൺ മാലിന്യം 42290 സ്ഥാപനതല ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളാൽ 143.70 ടൺ മാലിന്യവും 1288182 കമ്പോസ്റ്റിംഗ് പിറ്റുകളിൽ 1293.38ടൺ ജൈവ മാലിന്യവും 34 വലിയ കമ്പോസ്റ്റിംഗ് സംവിധാനങ്ങളിലൂടെ 306.66 ടൺ ജൈവ മാലിന്യവും പ്രതിദിനം കൈകാര്യം ചെയ്യപ്പെടുന്നു.

സംസ്ഥാനത്ത് 59 സ്ഥലങ്ങളിലായി ആരംഭിച്ച ബയോ മൈനിങ് പ്രവർത്തനങ്ങളിൽ 345793.15 ടൺ മാലിന്യം സംസ്കരിക്കപ്പെട്ടു. 24 സ്ഥലങ്ങളിലെ പ്രവർത്തനങ്ങൾ പൂർത്തിയായി.

തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ജില്ലാ തലത്തിലും പ്രത്യേക എൻഫോഴ്സ്മെന്റ് ടീമുകൾക്ക് രൂപം നൽകി പ്രവർത്തിച്ചു വരുന്നു. ഇതിനെ തുടർന്ന് നിയമ നടപടികളുടെ കാര്യത്തിലും വളരെ വലിയ വർധനവ് ഉണ്ടായിട്ടുണ്ട്. 1138 പരിശോധനകളാണ് 2023ൽ നടത്തിയത് എന്നാൽ 2024-25 സാമ്പത്തിക വർഷത്തിൽ ഇത് 50559 ആയി ഉയർന്നു. ഈടാക്കിയ പിഴത്തുക 3ലക്ഷത്തിൽ നിന്നും 5.5 കോടിയിലേക്കും ഉയർന്നിട്ടുണ്ട്. നിരീക്ഷണവും നിയമനടപടിയും കർശനമാക്കുന്നതിന്റെ ഭാഗമായി 3557 ഇടങ്ങളിൽ ക്യാമറ നിരീക്ഷണ സംവിധാനം നിലവിലുണ്ട്.

പുന:ചംക്രമണ വ്യവസായം വിപുലപ്പെടുത്തുന്നതിനുള്ള നടപടികളും ഈ കാലയളവിൽ സജീവമായിട്ടുണ്ട്. ഇതിന്റെ ഫലമായി വിവിധ തരം പാഴ് വസ്തുക്കളിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിനും അവയുടെ വിപണി വികസിപ്പിക്കുന്നതിലും പുരോഗതിയുണ്ട്. ക്ലീൻ കേരള കമ്പനിയും ഈ രംഗത്തേക്ക് പ്രവേശിച്ചു കഴിഞ്ഞു. നിലവിൽ 75 സ്വകാര്യ സംരംഭകരാണ് ഈ രംഗത്ത് സജീവമായിട്ടുള്ളത്. കൂടുതൽ സംരംഭകർ ഈ രംഗത്തേക്ക് കടന്നു വരുന്നതായി ലഭ്യമായ കണക്കുകളിൽ നിന്നും മനസ്സിലാകുന്നു. മാലിന്യ പരിപാലനം സുസ്ഥിരവും സമ്പൂർണവുമാക്കുന്നതിന് അനിവാര്യമായ നയങ്ങൾ, നിയമങ്ങൾ, പ്രവർത്തന മാർഗ്ഗരേഖകൾ തുടങ്ങി നിരവധി നടപടികളും ഇതിനകം സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സ്ക്രാപ്പ്, ഇ.പി.ആർ., പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പ്, ഗ്രീൻ എന്റർപ്രൈസ് തുടങ്ങിയവക്കായി നയങ്ങൾ കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.

**<u>III. പാലിയേറ്റീവ് കെയർ:</u>**

സംസ്ഥാനത്താകെ എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ അർഹരായ എല്ലാവർക്കും പാലിയേറ്റീവ് കെയർ സേവനം ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണം, ആരോഗ്യം, സാമൂഹ്യനീതി എന്നീ വകുപ്പുകൾ മുഖാന്തിരം നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു. പാലിയേറ്റീവ് കെയർ സാർവത്രികമായി നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ രണ്ട് ഘട്ടമായി നടപ്പാക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്.

ഘട്ടം 1 : രോഗികളെയും സന്നദ്ധ പ്രവർത്തകരെയും കണ്ടെത്തൽ, രോഗികളുടെയും സന്നദ്ധ പ്രവർത്തകരുടെയും സന്നദ്ധ സംഘടനകളുടെയും

| | | | |
|---|---|---|---|
| | | | വിവരങ്ങൾ 'പാലിയേറ്റീവ് കെയർ ഗ്രിഡിൽ' രജിസ്റ്റർ ചെയ്യൽ, ബന്ധപ്പെട്ടവർക്ക് പരിശീലനം നൽകൽ തുടങ്ങിയ പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിക്കുക.<br><br>ഘട്ടം 2 : ഈ മേഖലയിലെ സ്റ്റേക്ക്ഹോൾഡേഴ്സുമായി കൂടിയാലോചന നടത്തി 2023 ൽ ആരോഗ്യ വകുപ്പ് പുറപ്പെടുവിച്ച കർമ്മ പദ്ധതിയിലെ നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 2019 ലെ നിലവിലുള്ള മാർഗരേഖ പരിഷ്കരിക്കുക.<br><br>ഘട്ടം-1 ൽ പരാമർശിച്ചിരിക്കുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിലേക്കായി ടി ജനകീയ ക്യാമ്പയിന്റെ രൂപരേഖ അന്തിമഘട്ടത്തിലാണ്. ആയത് പൂർത്തിയാകുന്ന മുറക്ക് നിലവിലുള്ള മാർഗരേഖ സമഗ്രമായി പരിഷ്കരിക്കുന്നതാണ്.<br><br>എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അതിദാരിദ്ര്യ നിർമ്മാർജ്ജനം, ശുചിത്വം, പാലിയേറ്റീവ് എന്നീ വിഷയങ്ങൾ അജണ്ടയായി നിശ്ചയിച്ച് പ്രത്യേക പഞ്ചായത്ത്/നഗരസഭ കൗൺസിൽ യോഗങ്ങൾ ചേരേണ്ടതും ബഹു. മുഖ്യമന്ത്രിയുടെ യോഗത്തിൽ കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നതിനാവശ്യമായ തുടർനടപടികൾ പ്രസ്തുത പഞ്ചായത്ത്/നഗരസഭ കൺസിൽ യോഗത്തിൽ ചർച്ച ചെയ്തു രൂപപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ